# വിശ്വാസപരിശീലനകേന്ദ്രം

I. **2026-2027 അധ്യയനവർഷത്തിലെ റെസിഡൻഷ്യൽ കോഴ്സ് തീയതികളും വിവരങ്ങളും**

**ഒന്നാം വർഷ ഡിപ്ലോമ**

2026 ഒക്ടോബർ 18, 19 - Ist Semester

2027 ഏപ്രിൽ 14, 15 - IInd Semester

**രണ്ടാം വർഷ ഡിപ്ലോമ**

2026 ഒക്ടോബർ 20, 21 - Ist Semester

2027 മെയ് 24, 25 - IInd Semester

**സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.**
ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിവരങ്ങൾ അറിയുവാൻ **Website: www.catechismernakulam.com -ൽ Diploma Residential Course** എന്ന **Menu-**വിൽ ക്ലിക്ക് ചെയ്യുക.

II. **2026 സെപ്റ്റംബർ മാസത്തിൽ നടക്കുന്ന എൻലൈറ്റ് പരിപാടികൾ**

സെപ്റ്റംബർ 06 ഞായർ: എൻലൈറ്റ് - തൃപ്പൂണിത്തുറ ഫൊറോന

സെപ്റ്റംബർ 20 ഞായർ: എൻലൈറ്റ് - കറുകുറ്റി ഫൊറോന

III. **ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം**

ഇടവകകളിൽ വിശ്വാസപരിശീലനത്തിനു സഹായിക്കുന്ന ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം സെപ്റ്റംബർ 13-ാം തീയതി വൈകുന്നേരം 3.00 മണി മുതൽ 5.30 മണി വരെ കലൂർ റിന്യൂവൽ സെന്ററിൽ നടത്തുന്നു.

IV. **Basic Orientation Course (BOC)**

വിശ്വാസപരിശീലകർക്കുവേണ്ടി സെപ്റ്റംബർ 12-13 (ശനി, ഞായർ) & സെപ്റ്റംബർ 19-20 (ശനി, ഞായർ) തീയതികളിൽ കലൂർ റിന്യുവൽ സെന്ററിൽ **BOC** സംഘടിപ്പിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ അതത് ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ രജിസ്റ്റർ ചെയ്യുക.

## കാറ്റക്കീസം വാർത്തകൾ

I. **Kizhakkambalam Teachers' Forane Convention**

കിഴക്കമ്പലം ഫൊറോനയിലെ വിശ്വാസപരിശീലകരുടെ സംഗമം 2026 ആഗസ്റ്റ് 8-ന് ചൂണ്ടി വി. പത്താം പീയൂസിന്റെ ദേവാലയത്തിൽ നടന്നു.

17 ഇടവകകളിൽ നിന്നും 230 അധ്യാപകർ പങ്കെടുത്ത സംഗമത്തിൽ അതിരൂപതാ കാറ്റക്കീസം അസ്സി. ഡയറക്ടർ റവ. ഫാ. സച്ചിൻ മാമ്പുഴയ്ക്കൽ ദിവ്യബലി അർപ്പിച്ചു. അശോകപുരം ഇടവകയിലെ അധ്യാപകർ 'ആത്മാവിന്റെ നൊമ്പരം' എന്ന സ്കിറ്റ് അവതരിപ്പിച്ചു. ശ്രീമതി സുജാമോൾ ജോസ് ക്ലാസ്സ് നയിച്ചു. വികാരി റവ. ഫാ. ജേക്കബ് കോറോത്ത് സ്വാഗതം ചെയ്തു. വികാർ ഓഫ് ദി ആർച്ചുബിഷപ്പ് എമരിത്തസ് മാർ ആന്റണി കരിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. 40-ഉം 25-ഉം വർഷങ്ങൾ പൂർത്തികരിച്ച അധ്യാപകർക്കും, പ്രമോട്ടർ സ്ഥാനത്തു നിന്നും വിരമിച്ച ശ്രീ മാർട്ടിൻ ജേക്കബിനും, അതിരൂപതാതലത്തിൽ കയ്യെഴുത്ത് മാസികയ്ക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പഴങ്ങനാട് ഇടവകയ്ക്കും ഉപഹാരങ്ങൾ നൽകി. അതിരൂപതാ കാറ്റക്കീസം ഡയറക്ടർ റവ. ഫാ. പോൾ മോറേലി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കിഴക്കമ്പലം ഫൊറോന വികാരി വെരി. റവ. ഫാ. ഫ്രാൻസിസ് അരീക്കലും ഫൊറോന ഡയറക്ടർ റവ. ഫാ. സനു പുതുശ്ശേരിയും പ്രമോട്ടർ ശ്രീ. സജി പോളും ആശംസകൾ അർപ്പിക്കുകയും ഫൊറോന സെക്രട്ടറി സി. റൊസാന്റോ എഫ്.സി.സി. നന്ദി പറയുകയും ചെയ്തു.

II. **DIDACHE**

+2 കഴിഞ്ഞവർക്കായ് അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ട്മെന്റ് നടത്തുന്ന DIDACHE പ്രോഗ്രാം കലൂർ റിന്യുവൽ സെന്ററിൽ ആഗസ്റ്റ് 09-ാം തീയതി ഞായറാഴ്ച 2.30pm-ന് ആരംഭിച്ചു. അതിരൂപതാ കാറ്റക്കീസം അസ്സി. ഡയറക്ടർ ഫാ. സച്ചിൻ മാമ്പുഴയ്ക്കൽ സ്വാഗതം പറയുകയും ഡയറക്ടർ റവ. ഫാ. പോൾ മോറേലി DIDACHE ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മൈനർ സെമിനാരി റെക്ടർ റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ ക്ലാസ്സ് നയിച്ചു. അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്ന് 40 കുട്ടികൾ DIDACHE-യുടെ ആദ്യക്ലാസ്സിൽ പങ്കെടുത്തു.

III. **Spiritual Mentor Training**

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ വ്യക്തിപരമായി കേൾക്കുവാനും മാനസിക-ആത്മീയ തലങ്ങളിൽ സഹായിക്കുവാനുമായി ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവർക്കുള്ള മൂന്നാമത് Spiritual Mentor Training ചുണങ്ങംവേലിയിലെ Niveditha Institute-ൽ ആഗസ്റ്റ് 28, 29 തീയതികളിൽ നടന്നു. 40 പേർ പങ്കെടുത്തു.

IV. **ദൈവവിളി അനുഭവ വിവരണ മത്സരം (Vocation Narration Competition):** അതിരൂപതാ ദൈവവിളി ദിനാചരണത്തിന്റെ ഭാഗമായി അതിരൂപതാ കാറ്റക്കീസം ഡിപ്പാർട്ട്മെന്റ് കുട്ടികൾക്കായി ദൈവവിളി അനുഭവ വിവരണ മത്സരം നടത്തി.

V. **2026 ആഗസ്റ്റ് മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ**

**എലൈവ്** (ALIVE)

1. **ചേർത്തല, പള്ളിപ്പുറം, വൈക്കം** ഫൊറോനകളിലെ ALIVE പ്രോഗ്രാം ആഗസ്റ്റ് 02 ഞായറാഴ്ച ചേർത്തല നൈപുണ്യ കോളേജിൽ നടന്നു. 46 ഇടവകകളിൽനിന്ന് 524 കുട്ടികളും 60 അധ്യാപകരും പങ്കെടുത്തു. ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ് ഡയറക്ടർ റവ. ഡോ. ബെന്നി മാരാംപറമ്പിൽ ഏവരേയും നൈപുണ്യയിലേക്ക് സ്വാഗതം ചെയ്തു. യൂറോപ്പ് സീറോമലബാർ അപ്പസ്തോലിക് വിസിറ്റേഷൻ യൂത്ത് ഡയറക്ടർ റവ. ഡോ. ബിനോജ് മുളവരിക്കലും ടീമുമാണ് പ്രോഗ്രാം നയിച്ചത്.

2. **കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം** ഫൊറോനകളുടെ എലൈവ് പ്രോഗ്രാം വേങ്ങൂർ വിശ്വജ്യോതി സ്കൂളിൽ ആഗസ്റ്റ് 16 ഞായറാഴ്ച നടന്നു. റവ. ഡോ. ബിനോജ് മുളവരിക്കലും ടീമും നയിച്ച ഈ പ്രോഗ്രാമിൽ 50 ഇടവകകളിൽ നിന്നായി 1208 കുട്ടികളും 100 അദ്ധ്യാപകരും പങ്കെടുത്തു. വിശ്വജ്യോതി സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ജെയ്സൺ പറപ്പിള്ളി CMI ഏവരേയും വിശ്വജ്യോതിയിലേക്ക് സ്വാഗതം ചെയ്തു. സംഗീതവും നൃത്തവും നിറഞ്ഞ്, ജീവിതസാക്ഷ്യങ്ങളുടെ അനുഭവങ്ങളിലൂടെയും ഭക്തിസാന്ദ്രമായ ദൈവാരാധനയിലൂടെയും ഈ മെഗാ ALIVE ഏവർക്കും ആത്മീയാനന്ദം പകർന്നു.

എലൈവ് പ്രോഗ്രാമുകൾ വിജയകരമായി നടത്തുവാൻ നേതൃത്വം കൊടുത്ത ഫൊറോനാ കൗൺസിലുകൾക്കും പ്രോഗ്രാമിന് വേദികൾ നൽകിയ സ്ഥാപന ഡയറക്ടർമാർക്കും നന്ദി.

**എൻലൈറ്റ്**

പറവൂർ ഫൊറോന എൻലൈറ്റ് പ്രോഗ്രാം ആഗസ്റ്റ് 23 ഞായറാഴ്ച കരുമാലൂർ സെന്റ് തോമസ് ഇടവകയിൽ നടന്നു.

ഈ പ്രോഗ്രാം നടത്തുവാൻ സൗകര്യങ്ങൾ ഒരുക്കിത്തന്ന ബഹു. വികാരിയച്ചനും വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**